ഉത്തരം.

(എ) മാവേലിക്കരതാലൂക്കിൽ ഹരിജനകാളനികം ഇല്ല.

(ബി) ഒരപേക്ഷ കിട്ടിയിട്ടുണ്ട്.

(സി) അതു് അന്വേഷണത്തിൽ ഇരിക്കുന്നു.

സഹകരണസംഘങ്ങൾ.

235. [7] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954—55-ൽ സംസ്ഥാനത്തു് എത്ര സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു ;

(ബി) എത്ര സംഘങ്ങൾ പുതുതായി രൂപീകരിച്ചു ;

(സി) എത്ര സംഘങ്ങളുടെ ലൈസൻസ് റദ്ദു് ചെയ്തു ?

ഉത്തരം.

(എ) 1954—55 ബഡ്ജറ്റ് വർഷത്തിൽ സംസ്ഥാനത്തു് 2994 സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു.

(ബി) പുതുതായി 198 സംഘങ്ങൾ രജിസ്റ്റർ ചെയ്തു.

(സി) 32 സംഘങ്ങളുടെ രജിസ്ട്രേഷൻ പ്രസ്തുതവർഷത്തിൽ റദ്ദു് ചെയ്യുകയുണ്ടായി.

കൃഷിസഹകരണസംഘങ്ങൾ.

236. [8] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര കൃഷിസഹകരണസംഘങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരുന്നു ;

(ബി) എത്ര ഏക്കർ സ്ഥലം കഴിഞ്ഞ കൊല്ലം കൃഷിചെയ്തു ;

(സി) എത്ര പറ നെല്ലു് വിളയിക്കാൻ സാധിച്ചു ?

ഉത്തരം.

(എ) സംസ്ഥാനത്തു് 23 കൃഷിസഹകരണസംഘങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരുന്നു.

(ബി) 1953—54-ൽ 10143 ഏക്കർ സ്ഥലം കൃഷിചെയ്തിട്ടുണ്ടു്.

(സി) 54175 പറ നെല്ലു് വിളയിച്ചിട്ടുണ്ടു്.

കോളനിസ്ഥാപനം.

237. [10] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) താമസിക്കാൻ സ്ഥലമില്ലാതെ വിഷമിക്കുന്ന മീനാക്ഷിപുരത്തെ അധഃകൃതവർഗ്ഗത്തിനു് ഗവണ്മെൻറിൽ നിന്നും ഒരു കോളനി

LIBRARY ARCHIVES Kerala Legislative Assembly